# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **128/2026** തിരുവനന്തപുരം, തീയതി: **22/06/2026**

## <u>പത്രക്കുറിപ്പ്</u>

### **<u>കേരള സർവകലാശാല</u>**
### **<u>ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം - 2026</u>**
### **<u>ബിഎ മ്യൂസിക് (വോക്കൽ) കോഴ്സുകളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു</u>**

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിഎ മ്യൂസിക് (വോക്കൽ) കോഴ്സിലേക്കുള്ള പ്രവേശനത്തിനായി നടത്തിയ അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിലുള്ള റാങ്ക് ലിസ്റ്റ് സർവകലാശാലയുടെ അഡ്മിഷൻ വെബ്സൈറ്റിൽ (**https://admissions.keralauniversity.ac.in/fyugp**2026) പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലിസ്റ്റ് ഉടൻ തന്നെ പ്രസിദ്ധീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അഡ്മിഷൻ പോർട്ടൽ സന്ദർശിക്കുക.

ഹെൽപ്പ് ലൈൻ നമ്പർ: 8281883052 (**Whatsapp also**)

### **<u>കേരള സർവകലാശാല</u>**
### **<u>ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം - 2026</u>**
### **<u>സ്പോർട്സ് ക്വാട്ട അഡ്മിഷൻ</u>**
### **<u>സർട്ടിഫിക്കറ്റ് പുനഃപരിശോധനക്ക് അവസരം</u>**

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദ കോഴ്സുകളിലെ സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിലേക്കുള്ള സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയായി. സ്പോർട്സ് ക്വാട്ട ഓപ്ഷൻ നൽകിയ വിദ്യാർത്ഥികൾക്ക് അപേക്ഷാ നമ്പറും പാസ്സ്‌വേഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് (**https://admissions.keralauniversity.ac.in/fyugp**2026) വെരിഫിക്കേഷൻ സ്റ്റാറ്റസ് പരിശോധിക്കാവുന്നതാണ്.

സർട്ടിഫിക്കറ്റ് "**Reject**" ആയ വിദ്യാർത്ഥികൾക്ക്, നിലവിൽ അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളുടെ ന്യൂനത പരിഹരിച്ച് 24.06.2026, വൈകിട്ട് 5 മണി വരെ പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യാവുന്നതാണ്.

നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്ന പരാതികൾ പരിഗണിച്ചതിന് ശേഷം ഫൈനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. 24.06.2026, വൈകിട്ട് 5 മണിക്ക് ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. പരാതികൾ സർവകലാശാല യിലേക്ക് നേരിട്ടോ ഇ-മെയിൽ മുഖേനയോ അയയ്ക്കേണ്ടതില്ല.

ഹെൽപ്പ് ലൈൻ നമ്പർ: 8281883052 (**Whatsapp also**)

## **പരീക്ഷാഫലം**

കേരളസർവകലാശാല ബിടെക് പാർട്ട് ടൈം റീസ്ട്രക്ചേർഡ് കോഴ്സ് - രണ്ടാം സെമസ്റ്റർ - ജൂൺ 2025 (2008 സ്കീം), നാലാം സെമസ്റ്റർ - ഡിസംബർ 2024 (2008 സ്കീം), രണ്ടാം സെമസ്റ്റർ - ഓഗസ്റ്റ് 2025 (2013 സ്കീം) എന്നിവയുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## **നാല് വർഷ ബിരുദ പ്രോഗ്രാം - സ്പോർട്സ് ക്വാട്ട, PWD, Non-Keralite - രേഖകളുടെ സമർപ്പണം**

കേരളസർവകലാശാലയിലെ പഠന ഗവേഷണ വകുപ്പുകളിലേയ്ക്കുള്ള നാല് വർഷ ബിരുദ കോഴ്സുകളിലേക്ക് (**FYUGP**) പ്രവേശനം നേടുന്നതിനുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഓൺലൈൻ ആപ്ലിക്കേഷൻ സമർപ്പണ സമയത്ത് സ്പോർട്സ് ക്വാട്ട, **PWD, Non-Keralite** വിഭാഗങ്ങളിലുള്ള സംവരണത്തിന് യോഗ്യതയുണ്ടെന്നു രേഖപ്പെടുത്തിയ വിദ്യാർത്ഥികൾ 27.06.2025 നു മുൻപായി ഓൺലൈൻ ആപ്ലിക്കേഷൻ ഫോമിന്റെ പ്രിന്റൗട്ടും യോഗ്യത തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പും സഹിതം ഡെപ്യൂട്ടി രജിസ്ട്രാർ, ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം, കേരളസർവകലാശാല, കാര്യവട്ടം, 695581 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ എത്തിക്കേണ്ടതാണ്. 27.06.2026 ന് ശേഷം ലഭിക്കുന്ന അപേക്ഷകൾ തുടർ നടപടികൾക്കു പരിഗണിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക ഫോൺ : 0471 2308328, 9188524612, ഇമെയിൽ : **cssfyugphelp2026@gmail.com**.

## **എംബിഎ (ഫുൾടൈം) കോഴ്സ് ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു**

കേരളസർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ (**UIMs**) എംബിഎ (ഫുൾടൈം) കോഴ്സിലേക്കുള്ള **2026-27** വർഷത്തെ രണ്ടാം ഘട്ട പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നു. അവസാന തീയതി 2026 ജൂൺ 30 രാത്രി 10 മണി. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.admissions.keralauniversity.ac.in**).

## **വായനാവാരാചരണം - 2026**

കേരളസർവകലാശാല ലൈബ്രറിയിൽ ഈ വർഷത്തെ വായനാവാരാചരണം 2026 ജൂൺ 19 മുതൽ 26 വരെ സർവലാശാല ലൈബ്രറി ഹാളിൽ നടത്തപ്പെടുന്നു. വായന, യോഗ എന്നീ വിഷയങ്ങൾ ആസ്പദവുമാക്കിയുള്ള പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും പത്രങ്ങളുടെയും പ്രദർശനം ഉണ്ടായിരിക്കുന്നതാണ്. ലൈബ്രറി അംഗങ്ങൾ അല്ലാത്ത പൊതുജനങ്ങൾക്കും പ്രദർശനം കാണാൻ അവസരമുണ്ടായിരിക്കും.



**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**